LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുകൾക്കും സംസ്ഥാനത്തിനു പുറത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കൺസൾട്ടൻസി സർവ്വീസ് നടത്തുക, എഡ്യൂക്കേഷണൽ പ്ലാനിംഗ്, മാനേജ്മെന്റ് അഡ്മിനിസ്ട്രേഷൻ എന്നിവയിൽ ഗവേഷണത്തിനും പരിശീലനത്തിനും ഒരു ക്ലിയറിംഗ് ഹൗസായി പ്രവർത്തിക്കുക, പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും ആനുകാലികങ്ങളും പ്രസിദ്ധീകരിക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടുകൂടിയാണ് 'സീമാറ്റ്'-കേരള സ്ഥാപിതമായിട്ടുള്ളത്.

(സി) നിലവിലുള്ള സ്ഥാപനങ്ങൾ ഏറിയ പങ്കും അക്കാഡമിക് നിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. എന്നാൽ സീമാറ്റ്-കേരള എഡ്യൂക്കേഷണൽ പ്ലാനിംഗ്, പോളിസി മേക്കിംഗ്, മാനേജ്മെന്റ്, അഡ്മിനിസ്ട്രേഷൻ എന്നീ മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്.

സർക്കാർ സ്കൂളുകളിൽ പി. ടി. എ.കളുടെ പ്രവർത്തനങ്ങൾ

81 [3064] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളിലെ പി. ടി. എ.കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ഏതെങ്കിലും കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പി. ടി. എ. കമ്മിറ്റികളുടെ വരവുചെലവു കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(സി) ഇങ്ങനെ ക്രമക്കേടുകൾ കാണിക്കുന്ന കമ്മിറ്റികൾക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കുവാൻ നിലവിലുള്ള സംവിധാനംവഴി സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഓരോ വർഷവും പി. ടി. എ.യുടെ വരവുചെലവു കണക്കുകൾ ജനറൽബോഡി തെരഞ്ഞെടുക്കുന്ന രണ്ട് രക്ഷാകർത്തൃ പ്രതിനിധികൾ ആഡിറ്റ് ചെയ്യാനുള്ള സംവിധാനം നിലവിലുണ്ട്.

(സി) പി. ടി. എ.യുടെ നിയമാവലിയിൽ അനുശാസിക്കുന്ന നടപടികൾക്കു പുറമേ പി.ടി.എ.യുടെ കൺവീനർ-കം-ട്രഷറർ ഹെഡ്മാസ്റ്റർ ആയതിനാൽ ക്രമക്കേടുകൾ കാണിക്കുന്ന കമ്മിറ്റികൾക്കെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് സംവിധാനമുണ്ട്.